ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ
കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഗവേഷണ സ്ഥാപനം

ജനുവരി 2022 ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | മുണ്ടൂർ, പാലക്കാട് "ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്"

വിടപറഞ്ഞത് സൈലന്റ്‌വാലി, ചാലിയാർ തുടങ്ങിയ നിരവധി പരിസ്ഥിതി സമരങ്ങളുടെ ഊർജ്ജസ്രോതസ്സ്

പ്രൊഫ. എം.കെ പ്രസാദിന് വിട...

ഇന്ത്യയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്കും ശാസ്ത്രസംഘടനകൾക്കും എക്കാലത്തും ആവേശമായിരുന്ന പ്രതിഭയായിരുന്ന സൈലന്റ് വാലി സമരനായകനും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രസിഡന്റുമായിരുന്ന പ്രൊഫ. എം.കെ. പ്രസാദ്. കോവിഡ് ബാധയെത്തുടർന്ന് എറണാകുളത്തെ ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹം 2022 ജനുവരി 17 ന് തന്റെ 89-ാം വയസ്സിലാണ് അന്തരിച്ചത്.

പ്രകൃതിസംരക്ഷണത്തിന്റേയും സുസ്ഥിര വികസനത്തിന്റേയും രംഗത്ത് ഇന്ത്യയിലെ അഗ്രഗാമികളിലൊരാളായിരുന്ന അറിയപ്പെടുന്ന എഴുത്തുകാരനും പ്രഭാഷകനും ഉജ്വല സംഘാടകനുമായിരുന്ന എം.കെ. പ്രസാദ്. 1992-94 കാലത്ത് ഐ.ആർ. ടി.സി ഡയറക്ടറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

എറണാകുളം ചെറായിയാണ് സ്വദേശം. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പാൾ, കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രൊ-വൈസ് ചാൻസലർ, സംസ്ഥാന സർക്കാരിന്റെ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ആൾ ഇന്ത്യാ പീപ്പിൾസ് സയൻസ് നെറ്റ്വർക്ക് പ്രസിഡന്റ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുഖമാസികയായ ശാസ്ത്രഗതിയുടെ എഡിറ്റർ എന്നിങ്ങനെ നിരവധി ചുമതലകൾ വഹിച്ചിട്ടുണ്ട്.

കേരളത്തിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിന് അടിത്തറപാകിയ സംഘടനകളിലൊന്നായ കേരള ശാസ്ത്രസാഹിത്യ പരിഷത്തിനൊപ്പം ‘സേവ് സൈലന്റ് വാലി’ എന്ന ശ്രദ്ധേയമായ കാമ്പെയിൻ മുൻനിരയിൽ നിന്ന് നയിച്ചു. 1970-കളുടെ ഒടുവിൽ സൈലന്റ് വാലിയിൽ അണക്കെട്ട് നിർമിക്കുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡ് മുന്നോട്ടുവച്ച പദ്ധതി അവിടത്തെ അപൂർവ്വ ജൈവവൈവിധ്യത്തിനും കേരളത്തിലെ പരിസ്ഥിതിക്കും വലിയ ദോഷം വരുത്തുമെന്ന് കൃത്യമായ



വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ പ്രൊഫസർ എം.കെ. പ്രസാദിന്റെ നേതൃത്വത്തിലുള്ള വലിയൊരു വിഭാഗം പരിസ്ഥിതി പ്രവർത്തകർക്ക് കഴിഞ്ഞു. ഇതോടൊപ്പം കേരളത്തിന്റെ ഊർജരംഗത്തിന് ബദൽ നിർദേശങ്ങളും പരിഷത്ത് മുന്നോട്ടുവച്ചു. ഇതിനെ തുടർന്നുണ്ടായ വലിയ പ്രക്ഷോഭം 1984 മുതൽ സൈലന്റ് വാലി സംരക്ഷിത ദേശീയ ഉദ്യാനമായി (National Park) പരിപാലിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിലെത്തിച്ചു. കേരളത്തിൽ പരിസ്ഥിതിയെയും വികസനത്തെയും സമന്വയിപ്പിച്ചുകൊണ്ടുള്ള സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തിയെടുക്കുന്നതിലും കേരള ജനതയിൽ പാരിസ്ഥിതികാവബോധം കരുപ്പിടിപ്പിക്കുന്നതിലും സൈലൻറ് വാലി സമരവും അതിന് നേതൃത്വം കൊടുത്ത പ്രൊഫ. എം.കെ. പ്രസാദും വലിയ പങ്കുവഹിച്ചു.

ഇൻഫർമേഷൻ കേരള മിഷൻ ചെയർമാൻ എന്ന നിലയിൽ പഞ്ചായത്തുകളുടെ ഡിജിറ്റൽവൽക്കരണത്തിലും ജനകീയാസൂത്രണകാലത്തെ വിവിധ പ്രവർത്തനങ്ങളിലും വലിയ സംഭാവനകൾ നൽകി. യുണൈറ്റഡ് നാഷൻസിന്റെ മില്ലേനിയം എക്കോസിസ്റ്റം അസ്സെസ്സ്മെന്റ് ബോർഡിൽ അഞ്ചു വർഷത്തിലധികം വിവിധ മേഖലകളിൽ ഇടപെടുകയും സജീവ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. അതിലൊന്നാണ് വേൾഡ് വൈഡ് ഫണ്ട് ഓഫ് നേച്ചറിൽ നടത്തിയ പ്രവർത്തനങ്ങൾ. നിലവിൽ വയനാട്ടിൽ സ്ഥിതിചെയ്യുന്ന എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ പ്രോഗ്രാം അഡ്‌വൈസറി കമ്മിറ്റി ചെയർപേഴ്സനായും കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്, സെന്റർ ഫോർ എൻവയൺമെന്റ് എഡ്യുക്കേഷൻ എന്നിവയിലെ വിശിഷ്ട അംഗമായും പ്രവർത്തിച്ചുവരികയായിരുന്നു. പുസ്തകങ്ങളും നിരവധി ഗവേഷണ പ്രബന്ധങ്ങളും എഴുതിയിട്ടുണ്ട്. അവയിൽ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് ഉള്ളതും സൈലന്റ് വാലി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റിനെക്കുറിച്ചുള്ളതുമായ പുസ്തകങ്ങൾ മലയാളത്തിലെ മോണോഗ്രാഫുകളാണ്.

സ്റ്റാർട്ടപ്പുകൾക്കായി ഐ.ആർ.ടി.സി സ്കിൽ ഡവലപ്മെന്റ് കോഴ്സുകൾ

സംസ്ഥാന സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ പാലക്കാട് ഐ.ആർ. ടി.സിയിൽ പാരിസ്ഥിതിക-സാമൂഹിക പ്രസക്തിയുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ വൈജ്ഞാനിക മേഖലകളിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ നൽകുന്നു. ഓരോ കോഴ്സിന്റെയും പാഠ്യപദ്ധതിയോടൊപ്പം സ്റ്റാർട്ടപ്പുകളുടെ സാധ്യതകൾ മനസിലാക്കുന്നതിനും വികസിപ്പിക്കുന്നതിനുമാവശ്യമായ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കോഴ്സുകളിൽ ഉന്നതനിലവാരം പുലർത്തുന്നവർക്ക് ഐ.ആർ. ടി.സിയുടെ വിവിധ പ്രോജക്ടുകളിൽ പ്രവർത്തിക്കുന്നതിനുള്ള അവസരവും നൽകുന്നതാണ്. അതോടൊപ്പം സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനാവശ്യമായ സാങ്കേതികസഹായവും സാങ്കേതികവിദഗ്ധരുടെ സേവനവും ലഭ്യമാകുന്നതാണ്. (കൂടുതൽ വാർത്തകൾ പേജ് 5 ൽ)

നീർത്തടാധിഷ്ഠിത ജല ബജറ്റ് റിപ്പോർട്ട് പ്രകാശനം ചെയ്തു

കോങ്ങാട് എം.എൽ.എ അഡ്വ. കെ. ശാന്തകുമാരി ജലബജറ്റ് റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം. ബിനുമോൾക്ക് നൽകി പ്രകാശനം ചെയ്യുന്നു

പാലക്കാട് ജില്ലയിലെ 8 നീർത്തടങ്ങളുടെ ജല ബജറ്റ് റിപ്പോർട്ട് കോങ്ങാട് എം.എൽ.എ അഡ്വ. കെ. ശാന്തകുമാരി പ്രകാശനം ചെയ്തു. പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ. ബിനുമോൾ റിപ്പോർട്ട് ഏറ്റുവാങ്ങി. രൂക്ഷമായ ജലക്ഷാമം നേരിടുന്ന പാലക്കാട് ജില്ലയിലെ പല പ്രദേശങ്ങളിലും ഇത്തരത്തിൽ ജലബജറ്റ് തയ്യാറാക്കി ജലലഭ്യത ഉറപ്പുവരുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുമെന്ന് എം.എൽ.എയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും അഭിപ്രായപ്പെട്ടു.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയും ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായത്തോടെയും നടന്നുവരുന്ന നബാർഡ് - KfW Soil പദ്ധതിയിലുൾപ്പെടുത്തിയാണ് 8 നീർത്തടങ്ങളിലെ ജലബജറ്റ് തയ്യാറാക്കിയത്. നീർത്തട വികസന സമിതികളുടെയും കർഷകരുടെയും പങ്കാളിത്തത്തോടെ വിവരങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായ രീതിയിലാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതാണ് ജലബജറ്റിലൂടെ ലക്ഷ്യം വെക്കുന്നത്.

ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഐ.ആർ.ടി.സി രജിസ്ട്രാർ പി. മുരളീധരൻ സ്വാഗതമാശംസിച്ചു. പാലക്കാട് ജില്ലയിലെ നബാർഡ് ജില്ലാ മാനേജർ കവിത റാം ആശംസകൾ അറിയിച്ചു.

ഐ.ആർ.ടി.സി ജൂനിയർ സയന്റിസ്റ്റ് ഡോ. കെ. ശ്രീധരൻ, പ്രോജക്റ്റ് സയന്റിസ്റ്റ് ഷിനി മോൾ കെ.എ. തുടങ്ങിയവരുടെ നേതൃത്വത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്. റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രകൃതിവിഭവ പരിപാലന വിഭാഗം മേധാവി ആർ. സതീഷ് അവതരണം നടത്തി. നീർത്തട വികസന സമിതി ഭാരവാഹികൾ, ഐ.ആർ.ടി.സി ഗവേഷകർ, സ്റ്റാഫംഗങ്ങൾ എന്നിവർ പങ്കെടുത്തു.

നബാർഡ്-കെ.എഫ്.ഡബ്ല്യു സോയിൽ പ്രോജക്റ്റ്

മോണിറ്ററിംഗ് സന്ദർശനങ്ങൾ

അഞ്ചാംമൈൽ, കൊന്നയ്ക്കൽകടവ്, നാഗലശ്ശേരി നീർത്തടങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നബാർഡിന്റെ വിദഗ്ധസംഘം സന്ദർശനം നടത്തി. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയും ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായത്തോടെയുമാണ് സോയിൽ പദ്ധതി നടന്നുവരുന്നത്. പാലക്കാട് ജില്ലയിലെ തിരഞ്ഞെടുത്ത 8 നീർത്തടങ്ങളിലാണ് ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ പദ്ധതി നടക്കുന്നത്.

പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ ഓരോ പ്രവർത്തനങ്ങളുടെയും ഗുണഭോക്താക്കളെ നേരിട്ട് കണ്ട് അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, കാർഷിക ഉൽപാദനവർധനവിനാവശ്യമായ പ്രവർത്തനങ്ങൾ, കിണറിലെ ചെളി നീക്കംചെയ്യൽ, കിണർ റീച്ചാർജിംഗ്, കല്ല് കയ്യാല നിർമിക്കൽ, ഫലവൃക്ഷത്തൈകളുടെ വിതരണം, സോയിൽ ഹെൽത്ത് കാർഡ് വിതരണം, ജീവനോപാധി മേഖലയിലെ സുസ്ഥിര വികസന മോഡലുകൾ വികസിപ്പിക്കൽ, വിവിധ പരിശീലനങ്ങൾ എന്നിവയെല്ലാം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു.

കൂട്ടിക്കൽ, കൊക്കയാർ ഉരുൾപൊട്ടലുകൾ പ്രാഥമിക പഠനറിപ്പോർട്ട്

ഐ.ആർ.ടി.സിയും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ സെന്റർ ഫോർ നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കോട്ടയം ജില്ലാ കമ്മിറ്റിയും ചേർന്നുള്ള സംയുക്ത പഠനം

2021 ഒക്ടോബർ 16 -ാം തീയതി ഉച്ചയോടു കൂടി കോട്ടയം ജില്ലയിലെ കൂട്ടിക്കൽ, തൊട്ടടുത്ത ഇടുക്കി ജില്ലയിലെ കൊക്കയാർ എന്നീ പഞ്ചായത്തുകളിലെ മലയോര മേഖലകളിലുണ്ടായ ഉരുൾ പൊട്ടലുകളുടെ ഭൗമശാസ്ത്രപരമായ കാരണങ്ങളെയും പാരിസ്ഥിതിക-സാമൂഹിക ആഘാതങ്ങളെയും കുറിച്ച് നടത്തിയ പ്രാഥമിക പഠനം പുറത്തിറക്കി. ദുരന്തത്തെ മുൻനിർത്തിയുള്ള കണ്ടെത്തലുകളും ശുപാർശകളുമടങ്ങുന്നതാണ് റിപ്പോർട്ട്.

ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.ടി.സി), ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ സെന്റർ ഫോർ നാച്വറൽ റിസോഴ്സ് മാനേജ്മെന്റ് (സി.എൻ.ആർ.എം), കേരളശാസ്ത്രസാഹിത്യപരിഷത്ത് കോട്ടയം ജില്ലാക്കമ്മിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഈ പഠനം നടന്നത്. ഐ.ആർ.ടി.സിയിലെ സെന്റർ ഫോർ ജിയോഇൻഫർമാറ്റിക്സിന്റെ സാങ്കേതിക സഹായത്തോടെയാണ് പഠനത്തിന്റെ ഭാഗമായുള്ള മാപ്പിംഗും അനുബന്ധ അനാലിസിസും നടന്നത്.

പതിനേഴ് പേരുടെ ജീവഹാനിക്ക് ഇടയാക്കുകയും, ഒരു പ്രദേശത്തെ കൃഷിയും ജനവാസ സൗകര്യങ്ങളും കുടിവെള്ളവിതരണ സംവിധാനങ്ങളും പരിപൂർണമായി തകർത്തു കളയുകയും ചെയ്ത ഉരുൾപ്പൊട്ടലുകളാണ് കോട്ടയം ജില്ലയിലെ കൂട്ടിക്കലിലും ഇടുക്കി ജില്ലയിലെ കൊക്കയാറിലും നടന്നത്. ഉരുൾപൊട്ടലുകളെക്കുറിച്ച് പഠിച്ച സംഘം ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ഭൗമശാസ്ത്രവിവരങ്ങൾ ശേഖരിക്കുകയും ഭൂതലമാറ്റങ്ങൾ, മഴയുടെ വിതരണരീതി എന്നിവ പഠിക്കുകയും ചെയ്തു. സംസ്ഥാനത്തെ വിവിധ ശാസ്ത്രസ്ഥാപനങ്ങളിലെ ഭൗമശാസ്ത്രജ്ഞന്മാരുമായി വിവരങ്ങൾ കൈമാറി ആശയങ്ങൾ രൂപപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ടിന് അന്തിമരൂപം നൽകിയിരിക്കുന്നത്.

പ്രധാനമായും ആറ് പ്രദേശങ്ങളിലാണ് ഉരുൾപ്പൊട്ടലുകളുണ്ടായത്. കോട്ടയം ജില്ലയിൽ അണങ്ങുംപടി, കൂട്ടിക്കൽ, പൂവഞ്ചി, പ്ലാപ്പള്ളി എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിൽ വെമ്പാല, വടക്കേമല എന്നിവിടങ്ങളിലുമാണ് ഉരുൾപ്പൊട്ടലുണ്ടായത്. ഒക്ടോബർ 12 മുതൽ 15 വരെ 100 മില്ലി മീറ്ററിലധികം മഴ ലഭിച്ചതിനാൽ മേൽമണ്ണും തൊട്ടു താഴെയുള്ള വെട്ടുകല്ലും ക്ഷയിച്ച പാറയും അടങ്ങിയ മേഖല കുതിർന്ന നിലയിലായിരുന്നു. തുടർന്ന് ഒക്ടോബർ 16 ന് ലഭിച്ച തീവ്രമഴയാണ് ദുരന്തമുണ്ടാകാനുള്ള മുഖ്യകാരണമായതെന്ന് റിപ്പോർട്ട് പറയുന്നു.

ദുരന്തബാധിത പ്രദേശത്തെ ജനങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിക്കുക, അടിയന്തിര സാഹചര്യങ്ങളെ നേരിടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം ചെലവഴിക്കാനുള്ള നടപടികൾ ലളിതമാക്കുക, അശാസ്ത്രീയ ഭൂവിനിയോഗരീതികൾ നിയന്ത്രിക്കുക, തേയില പോലുള്ള ഏകവിളക കൃഷിയിടങ്ങളിൽ കോണ്ടൂറിന് സമാന്തരമായും ഇടകലർത്തി ലംബമായും നടീൽക്രമം പരിഷ്കരിക്കുക തുടങ്ങിയ ശാസ്ത്രീയമായ നിർദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പഠനരീതി

സംഘം 2021 നവംബർ 25, 26 എന്നീ തീയതികളിൽ രാവിലെ മുതൽ ഉരുൾപൊട്ടൽ മൂലം മരണങ്ങൾ സംഭവിച്ച പ്രദേശങ്ങൾ സന്ദർശിച്ചു. ഉരുൾ പൊട്ടൽ നടന്ന പ്രദേശങ്ങളിലെ ഭൗമശാസ്ത്രസവിശേഷതകൾ പഠിക്കുകയും ജി.പി.എസ് ഉപയോഗിച്ച് സൈറ്റുകൾ ജിയോടാഗ് ചെയ്യുകയും ചെയ്തു. പഞ്ചായത്ത് - വില്ലേജ് അധികൃതർ, ദുരന്തത്തിനിരയായവർ, ദുരന്തം നേരിൽ കണ്ടവർ, സാമൂഹ്യപ്രവർത്തകർ എന്നിവരുമായി ആശയവിനിമയം നടത്തി. ജില്ലാ ദുരന്തനിവാരണ അതോറിറ്റി (ഡി.ഡി.എം.എ), ജില്ലാ ജിയോളജിസ്റ്റ് എന്നിവരുമായും ബന്ധപ്പെട്ടു. ഉപഗ്രഹചിത്രങ്ങൾ, ടോപ്പോഗ്രാഫിക് ഷീറ്റ് എന്നിവകളിൽ ദുരന്തബാധിതപ്രദേശങ്ങൾ അടയാളപ്പെടുത്തി. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് തയ്യാറാക്കിയ ഉരുൾപൊട്ടൽസാദ്ധ്യതാ പ്രദേശങ്ങളുടെ ഭൂപടത്തിൽ ഏതു മേഖലയിലാണ് ദുരന്തബാധിതപ്രദേശം വരുന്നത് എന്ന് കണ്ടെത്തി. വടക്കേമലയിലുള്ള ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു. പൊതുജനങ്ങളുമായി സംസാരിച്ച് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

പ്രമുഖ ഭൗമശാസ്ത്രജ്ഞൻ ഡോ. എസ്. ശ്രീകുമാർ, ഐ.ആർ.ടി.സി സെന്റർ ഫോർ ജിയോ ഇൻഫർമാറ്റിക്സ് മേധാവി ആനന്ദ് സെബാസ്റ്റ്യൻ, വിവേക് അശോകൻ എന്നിവരാണ് പഠനസംഘത്തിലുണ്ടായിരുന്നത്.

പഠനറിപ്പോർട്ട് പരിഷത് വിക്കിയിൽ വായിക്കാം

https://wiki.kssp.in/r/4q3

പഠനറിപ്പോർട്ട് പി.ഡി.എഫ് രൂപത്തിൽ ഡൗൺലോഡ് ചെയ്യാം

https://wiki.kssp.in/images/9/92/Koottickal_Kokkayar_Urulpottalukal.pdf

പ്ലാപ്പള്ളിയിലുണ്ടായ ഉരുൾപൊട്ടൽ പ്രദേശത്ത് ഡോ. എസ്. ശ്രീകുമാർ സന്ദർശനം നടത്തുന്നു

സൗരോർജ വൈദ്യുതി നിലയം ഇനി വീടുകളിലും

പ്രകൃതിസൗഹൃദ ഊർജ ഉൽപാദനവും ഉപഭോഗവും ലക്ഷ്യമിട്ടുകൊണ്ടുള്ള സൗരോർജനിലയങ്ങളുടെ വ്യാപനത്തിനായുള്ള പ്രവർത്തനങ്ങൾ ഐ.ആർ. ടി.സി ഏറ്റെടുത്തിരിക്കുകയാണ്. KSEBയുടെയും ANERTന്റെയും സഹായത്തോടെയാണ് പുരപ്പുറ സൗരോർജപാനലുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നത്. ഐ.ആർ. ടി.സിയുടെ സഹോദരസ്ഥാപനമായ പരിഷത് പ്രൊഡക്ഷൻ സെന്ററിന്റെ (പി.പി.സി) നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഈ രംഗത്ത് KSEB ലിമിറ്റഡിന്റെ അംഗീകൃത ഏജൻസിയാണ് നിലവിൽ പി.പി.സി.

വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജനിലയങ്ങൾ സ്ഥാപിച്ചു കൊണ്ട് നമുക്കാവശ്യമായ ഊർജം

പ്രകൃതിസൗഹൃദ മാർഗത്തിലൂടെ തന്നെ ഉൽപാദിപ്പിക്കുവാനുള്ള അവസരമാണ് ഇതിലൂടെ കൈവരുന്നത്. ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജനിലയം സ്ഥാപിക്കുക വഴി പ്രതിവർഷം ഏകദേശം 1200 കി.ഗ്രാം കാർബൺ ഡൈ ഓക്സൈഡിന്റെ ബഹിർഗമനം ഒഴിവാക്കുവാൻ സാധിക്കും. ഒരു കിലോവാട്ട് മുതൽ മൂന്ന് കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജനിലയങ്ങളാണ് സബ്സിഡിയോടുകൂടി പി.പി. സി സ്ഥാപിച്ചു നൽകുന്നത്. സൗരോർജനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്നത് മുതൽ, നിലയങ്ങൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്നതു വരെയുള്ള പ്രവൃത്തികൾ പി.പി.സി ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

വിവിധ ശേഷിയിലുള്ള സൗരനിലയങ്ങൾ വിവിധ സ്ഥാപനങ്ങളിൽ ഇതിനോടകം ഐ.ആർ.ടി.സി സ്ഥാപിച്ചിട്ടുണ്ട്. ഊർജരംഗത്തെ പ്രവർത്തന മികവിനുള്ള അംഗീകാരമായി 2018 ലെ സംസ്ഥാന 'അക്ഷയ ഊർജ അവാർഡ്' ഐ.ആർ.ടി.സിക്ക് ലഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ പ്രത്യേകതകൾ

- നിഴൽ പതിക്കാത്ത 100 ചതുരശ്ര അടി സ്ഥലമാണ് ഒരു കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് വേണ്ടിവരുന്നത്. ഒരു കിലോവാട്ട് സൗരോർജ നിലയത്തിൽനിന്നും ഒരു ദിവസം ഏകദേശം 4 യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്. വർഷത്തിൽ ശരാശരി 1200 യൂണിറ്റ് ലഭിക്കും.
- സൗരോർജനിലയം Net Energy Meter മുഖേന വൈദ്യുതിലൈനുമായി ബന്ധിപ്പിക്കുന്നതിനാൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയും ഉപയോഗിക്കുന്ന വൈദ്യുതിയും തമ്മിലുള്ള വ്യത്യാസത്തിന് ആനുപാതികമായിരിക്കും വൈദ്യുതിബില്ല്



- ഓഫീസുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ഏറെ അനുയോജ്യമാണ് ഇത്തരത്തിലുള്ള നിലയങ്ങൾ.
- Commercial Tariff നിലവിലുള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ ലാഭകരം.
- ആഭ്യന്തര ഉപയോഗത്തിന് ശേഷം KSEBക്ക് നൽകുന്ന അധിക വൈദ്യുതിക്ക് പണവും ലഭിക്കും.

ഐ.ആർ.ടി.സി നൽകുന്ന സേവനങ്ങൾ

- സ്ഥലപരിശോധന നടത്തി യോജിച്ച സൗരോർജനിലയത്തിന്റെ ഡിസൈൻ, പ്രോജക്ട് റിപ്പോർട്ട്, KSEBL/Electrical inspectorate എന്നിവയുടെ അനുമതിക്ക് വേണ്ട രേഖകൾ എന്നിവ തയ്യാറാക്കി നൽകുന്നു.
- ഊർജ ഓഡിറ്റ് നടത്തി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നു.
- MNRE ANERT അംഗീകാരമുള്ള ഘടകങ്ങൾ (Components) മാത്രം ഉപയോഗിച്ച് പ്ലാന്റ് നിർമിക്കുന്നു.



സ്റ്റാർട്ടപ്പുകൾക്കായി ഐ.ആർ.ടി.സി സ്കിൽ ഡവലപ്മെന്റ് കോഴ്സുകൾ

പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്കും അതിനു മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും ഐ.ആർ.ടി.സിയുടെ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷിക്കാം. 2022 ഫെബ്രുവരി 28 ആണ് അപേക്ഷിക്കേണ്ട അവസാന തിയ്യതി. മാർച്ച് 20 ന് ആദ്യ ബാച്ച് ആരംഭിക്കും. 10 സീറ്റുകളാണ് ഓരോ കോഴ്സിനുമുള്ളത്. അപേക്ഷകർക്ക് irtc.courses@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷകൾ അയയ്ക്കാം. അപേക്ഷാ ഫോം ലഭിക്കുന്നതിനും മറ്റ് വിവരങ്ങൾ അറിയാനും www.irtc.org.in എന്ന വെബ്സൈറ്റിലെ നോട്ടിഫിക്കേഷൻ പരിശോധിക്കുക. കോഴ്സുകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

കോഴ്സുകൾ

1. ഖരമാലിന്യ പരിപാലനം (solid Waste Management)

നഗരങ്ങളിലെ ഖരമാലിന്യങ്ങൾ, വൈദ്യശാസ്ത്രമേഖലയിലെയും വ്യാവസായികമേഖലയിലെയും മാലിന്യങ്ങൾ എന്നിങ്ങനെയുള്ള പാരിസ്ഥിതികപ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിക്കുന്നതിനുള്ള തദ്ദേശീയ സാങ്കേതികവിദ്യകൾ പഠിപ്പിക്കുക, തദ്ദേശസ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാലിന്യപരിപാലന രീതികൾ പരിചയപ്പെടുത്തുക തുടങ്ങിയവയാണ് ഈ കോഴ്സിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഖരമാലിന്യപരിപാലനരംഗത്ത് നാലു പതിറ്റാണ്ടിന്റെ പ്രവർത്തന പരിചയമാണ് ഐആർടിസിയ്ക്കുള്ളത്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഒട്ടനവധി ഖരമാലിന്യപരിപാലന പദ്ധതികൾ ആവിഷ്കരിയ്ക്കുകയും പൂർണമായും വിജയിക്കുകയും ചെയ്ത ചരിത്രമാണ് ഐആടിസിയ്ക്കുള്ളത്. മികച്ച മാലിന്യപരിപാലന മാതൃകകൾ സൃഷ്ടിച്ചതിന് 3 തവണ സർക്കാരിന്റെ അംഗീകാരം (Centre of Excellence in Waste management (CEWM) നേടാൻ ഐആർടിസിയ്ക്ക് സാധിച്ചിട്ടുണ്ട്. ഖരമാലിന്യപരിപാലനവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് അഭ്യസ്തവിദ്യരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ കോഴ്സിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. മൂന്നു മാസം കാലയളവുള്ള ഈ കോഴ്സിന്റെ ഫീസ് 25000രൂപയാണ്.

2. ജല- മലിനജല പരിപാലനം; സാങ്കേതികതയും പ്രായോഗികതയും (Water & Wastewater Analysis, Treatment Technologies and Application)

ശുദ്ധജലത്തിന്റെ ലഭ്യതയാണല്ലോ ഇന്ന് ലോകം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡിന്റെയൊ ലോകാരോഗ്യ സംഘടനയുടെയൊ മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്. തദ്ദേശീയ തലത്തിൽ തന്നെ ഇത്തരം ജലപരിശോധനാകേന്ദ്രങ്ങ ളുണ്ടാവുന്നത് ആരോഗ്യമുള്ള സമൂഹത്തിന് അനവാര്യമാണ്. അതുപോലെ ഫാക്ടറികളിലെയും ആശുപത്രിയടക്കമുള്ള മറ്റു സ്ഥാപനങ്ങളിലെയും മലിനജലത്തെ പരിചരിച്ച് മാലിന്യതീവ്രത പരമാവധി കുറച്ച് ഒഴുക്കികളയുന്നത് ജലമലിനീകരണമുയർത്തുന്ന പ്രശ്നങ്ങൾക്ക് ചെറിയൊരു പരിഹാരമായിത്തീരും. ഇത്തരത്തിൽ ജല-മലിനജല പരിചരണത്തിനും പരിചരണപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമാവശ്യമായ സാങ്കേതികജ്ഞാനം നൽകുക എന്നതാണ് ഈ കോഴ്സിന്റെ പ്രധാന ലക്ഷ്യം. രസതന്ത്രം, എൻവിറോൺമെന്റ് സയൻസ് തുടങ്ങിയ മേഖലകളിലെ ബിരുദ-ബിരുദാനന്തര വിദ്യാർഥികൾക്ക് ഈ കോഴ്സിന് അപേക്ഷിക്കാം. മൂന്ന് മാസമാണ് കോഴ്സ് കാലയളവ്.

3. ജിയൊ ഇൻഫൊർമാറ്റിക്സ് (Geoinformatics)

ജിയൊസ്പേഷ്യൽ സാങ്കേതികവിദ്യയുടെ അടിസ്ഥാനതലം മുതൽ ഏറ്റവും പുതിയ തലം വരെ മനസിലാക്കാനും പരിശീലനങ്ങളിലൂടെ അവയുടെ പ്രായോഗികവശങ്ങൾ ആർജിക്കാനും വിദ്യാർഥികളെ പ്രാപ്തമാക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. ഒരു പ്രദേശത്തിന്റെ ഭൗതികസാഹചര്യങ്ങൾ മനസിലാക്കാനും ആ പ്രദേശത്തിന്റെ പുരോഗതിയ്ക്കാവശ്യമായ നിർദേശങ്ങൾ രൂപകൽപന ചെയ്യാനും GIS, റിമോർട്ട് സെൻസിംഗ് തുടങ്ങിയ സാങ്കേതികവിദ്യകളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ഈ കോഴ്സിലൂടെ പരിചയപ്പെടുത്തുന്നു. കൂടാതെ GPS ഉപയോഗിച്ചുള്ള ഫീൽഡ് സർവെകൾ, വിവിധ ജിയൊസ്പേഷ്യൽ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചുള്ള ദത്തവിശകലനങ്ങൾ, അസെറ്റ് മാപ്പിംഗ്, പ്രകൃതിദുരന്തനിവാരണ പദ്ധതികൾ, നീർത്തടവികസനപദ്ധതികൾ തുടങ്ങിയ ഒട്ടുമിക്ക സാധ്യതകളും വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്നു. ഏതു മേഖലയിലും ഉൾപ്പെടുത്താനാവുന്നതാണ് ജിയൊസ്പേഷ്യൽ സാങ്കേതികവിദ്യകൾ എന്നതിനാൽ തൊഴിലന്വേഷകർ, സയൻസ്, സോഷ്യൽ സയൻസ് തുടങ്ങിയ മേഖലകളിലെ ഗവേഷകർ എന്നിവർക്കെല്ലാം ഈ കോഴ്സിനു വേണ്ടി അപേക്ഷിക്കാം. മൂന്ന് മാസമാണ് കോഴ്സ് കാലയളവ്.

4. പക്ഷിനിരീക്ഷണം; പക്ഷികളെ തിരിച്ചറിയലും അടിസ്ഥാന പക്ഷിശാസ്ത്രവും (bird watching: Bird Identification and Basic Ornithology)

പക്ഷിനിരീക്ഷണം, പക്ഷികളെ തിരിച്ചറിയൽ, പക്ഷിസർവെ, പക്ഷികളുമായി ബന്ധപ്പെട്ട ടൂറിസത്തിന്റെ സാധ്യതകൾ, പക്ഷിഗവേഷണം, ഫീൽഡ് ഗൈഡ് എന്നിങ്ങനെ പക്ഷികളുമായി ബന്ധപ്പെട്ട മേഖലകളിൽ പുതിയ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുകയാണ്

ഈ കോഴ്സിന്റെ പ്രാധാന ലക്ഷ്യം. പശ്ചിമഘട്ടത്തിലെ ധോണിമലനിരകളുടെതാഴ്വരയിൽ സ്ഥിതി ചെയ്യുന്ന ഐആർടിസി ക്യാമ്പസും പരിസരവും പക്ഷിനിരീക്ഷണത്തിന് ഏറെ അനുയോജ്യമാണ്. ഈ വിഷയത്തിൽ താൽപര്യമുള്ള ഡിപ്ലോമ, ബിരുദ- ബിരുദാനന്തര വിദ്യാഭ്യാസമുള്ളവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാം. മൂന്ന് മാസമാണ് കോഴ്സ് കാലയളവ്.

5. സൌരോർജം, ഊർജസംരക്ഷണം, ഊർജസംരംഭങ്ങൾ (Solar Energy, Energy Conservation & Energy Enterprise)

പുനസ്ഥാപിത ഊർജത്തിന്റെ ആഗോള- പ്രാദേശിക പ്രസക്തിയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നതാണ് ഈ കോഴ്സ്. പുനസ്ഥാപിത ഊർജത്തിന്റെയും ഊർജസംരക്ഷണത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തി തുടങ്ങാവുന്ന സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് ഐആർടിസി ഈ കോഴ്സ് ആരംഭിച്ചിരിക്കുന്നത്. ബഹുവൈജ്ഞാനിക മേഖലകളെ സംയോജിപ്പിച്ച് പഠിക്കുന്ന വിദ്യാർഥികൾക്ക് ഈ കോഴ്സ് കൂടുതൽ ഗുണപ്രദമാണ്. ഡിപ്ലോമ, ബിരുദ- ബിരുദാനന്തര വിദ്യാഭ്യാസമുള്ളവർക്ക് അപേക്ഷിക്കാം. മൂന്ന് മാസമാണ് കോഴ്സ് കാലയളവ്.

6. മണ്ണ്-ജല പരിശോധന; ഉപകരണസംവിധാനങ്ങൾ (Soil, Water and Instrumentation)

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ബി ഗ്രേഡ് സർട്ടിഫിക്കറ്റ് ലഭിച്ച ലബോറട്ടറിയാണ് ഐആർടിസിയുടെത്. മാലിന്യപരിപാലനം, ജലഗുണത, കൃഷി, സൂക്ഷ്മജീവശാസ്ത്രം തുടങ്ങിയ മേഖലയിലെ ഗവേഷണത്തിനും വികസനത്തിനും ഉപയോഗപ്രദമാകുംവിധമുള്ള സൌകര്യങ്ങളാണ് ലബോറട്ടറിയിലുള്ളത്. വ്യത്യസ്ത വൈജ്ഞാനിക മേഖലകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഗവേഷണപ്രവർത്തനങ്ങളാണ് ലബോറട്ടറിയിൽ നടക്കുന്നത്. മണ്ണ്- ജല പരിശോധനാരീതികൾ, പരിശോധനാ- ഉപകരണങ്ങൾ, മൈക്രോബയോളജിക്കൽ സാങ്കേതികതകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച നൽകുന്ന വിധത്തിലാണ് ഈ കോഴ്സ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഡിപ്ലോമ, ബിരുദ- ബിരുദാനന്തര വിദ്യാഭ്യാസമുള്ളവർക്ക് അപേക്ഷിക്കാം. മൂന്ന് മാസമാണ് കോഴ്സ് കാലയളവ്.

7. അതിസാന്ദ്ര മൽസ്യകൃഷി, വിപണനം, രോഗനിയന്ത്രണങ്ങൾ, (Intensive Fish farming, Diseases and Marketing)

ബയൊഫ്ലോക്, അക്വാപോണിക്സ്, പ്രോബയോടിക്സ് തുടങ്ങിയ നവസാങ്കേതികതകളിൽ അനേകവർഷത്തെ പ്രവർത്തനപരിചയമാണ് ഐആർടിസിയുടേതുള്ളത്. സർക്കാർ ധനസഹായം നൽകുന്ന നബാർഡിന്റെയും ബയോടെക്കിസ്ഥാന്റെയും ഈ രംഗത്തെ പദ്ധതികൾക്ക് പരിശീലനം നൽകുന്നത് ഐആർടിസിയാണ്. മൽസ്യകൃഷി ചെയ്യാനാഗ്രഹിക്കുന്നവർക്ക് വൻതോതിൽ മൽസ്യകൃഷി നടത്തുന്നതിനാവശ്യമായ സാങ്കേതികജ്ഞാനം, രോഗനിയന്ത്രണജ്ഞാനം എന്നിവ നൽകുക, വിപണനം, മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമാണം എന്നിവയ്ക്കാവശ്യമായ ദിശാബോധം നൽകുക എന്നിവയാണ് ഈ കോഴ്സിന്റെ പ്രധാന ലക്ഷ്യം. മൂന്നുമാസമാണ് കോഴ്സിന്റെ കാലാവധി. പ്ലസ്ടു വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്കും കർഷകർക്കും തൊഴിലന്വേഷകർക്കും ഈ കോഴ്സിന് അപേക്ഷിക്കാം.

8. നീർത്തട വികസനം (watershed development)

ഒരു നീർത്തടത്തിലെ ജലസ്രോതസുകളുടെ മിതമായ ഉപയോഗം, സംരക്ഷണം, പുനസ്ഥാപനം എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തി നടത്തുന്ന വികസനപ്രവർത്തനങ്ങളാണ് നീർത്തട വികസനം. നീർത്തട വികസനരംഗത്ത് 20 വർഷത്തെ പ്രവർത്തന പരിചയമാണ് ഐആർടിസിയുടേതുള്ളത്. പരിമിതമായ ജലസ്രോതസുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനാവശ്യമായ നീർത്തട വികസന പദ്ധതികളെക്കുറിച്ചുള്ള വിജ്ഞാനം പകരുക, നീർത്തട വികസനവുമായി ബന്ധപ്പെട്ട തുടങ്ങാവുന്ന സ്റ്റാർട്ടപ്പ് പദ്ധതികൾക്കുള്ള ആശയങ്ങളും സാങ്കേതിക സഹായവും നൽകുക എന്നിവയെല്ലാമാണ് ഈ കോഴ്സിന്റെ പ്രാഥമിക ലക്ഷ്യം. 4 ആഴ്ചയാണ് ഈ കോഴ്സിന്റെ കാലയളവ്. സയൻസ്, സോഷ്യൽസയൻസ്, എൻജിനിയറിംഗ് എന്നീ മേഖലകളിൽ ഡിപ്ലോമ, ബിരുദ- ബിരുദാനന്തര വിദ്യാഭ്യാസമുള്ളവർക്ക് അപേക്ഷിക്കാം.

9. ഉദ്യാന പരിപാലനവും കൂൺകൃഷിയും (Horticulture Nursery Management and Production of Mushroom)

ഉദ്യാനപരിപാലനത്തിനും കൂൺകൃഷി ചെയ്യുന്നതിനുമാവശ്യമായ ശാസ്ത്രീയ അറിവുകളും സാങ്കേതികവിദ്യകളും പകർന്നു നൽകുക എന്നതാണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. ശാസ്ത്രീയമായി വിത്തുമെത്തകൾ തയ്യാറാക്കുന്ന വിധം, മികച്ച തൈകളുടെ ഉൽപാദനം, ബഡിംഗ് ഗ്രാഫ്റ്റിംഗ് എന്നിങ്ങനെയുള്ള വിവിധ സസ്യപ്രജനനരീതികൾ, ശാസ്ത്രീയമായ നടീൽ, ജലസേചനം, കളനിയന്ത്രണം എന്നിവയെല്ലാം ഈ കോഴ്സിന്റെ പാഠ്യപദ്ധതിയിൽ ഉള്ളടങ്ങിയിരിക്കുന്നു. കൂൺവിത്ത് ഉൽപാദനത്തിലും കൂൺകൃഷിയിലും അനേകവർഷത്തെ പ്രവർത്തനപരിചയമാണ് ഐആർടിസിയുടേതുള്ളത്. 4 ആഴ്ചയാണ് ഈ കോഴ്സിന്റെ കാലയളവ്. പ്ലസ്ടു വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്കും കർഷകർക്കും തൊഴിലന്വേഷകർക്കും ഈ കോഴ്സിന് അപേക്ഷിക്കാം.

10. സോപ്പിന്റെയും മറ്റു ശുചീകരണ വസ്തുക്കളുടെയും നിർമാണം (Soap & Toiletries)

സോപ്പ്, സോപ്പുപൊടി, ഹാൻഡ് വാഷ് തുടങ്ങിയ ശുചീകരണ- സൌന്ദര്യവർധക വസ്തുക്കളുടെ നിർമാണ രീതി, വിപണന സാധ്യതകൾ തുടങ്ങിയവയാണ് ഈ കോഴ്സിന്റെ ഉള്ളടക്കം. ഈ മേഖലയിൽ സ്റ്റാർട്ടപ്പ് തുടങ്ങാനാഗ്രഹിക്കുന്നവർക്ക് നൂതനാശയങ്ങൾ നൽകുന്നതിനോടൊപ്പം സാങ്കേതികസഹായവും ഐആർടിസിയിൽ നിന്ന് ലഭ്യമാകുന്നതാണ്. പ്ലസ്ടു വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്കും അതിനു മുകളിൽ വിദ്യാഭ്യാസയോഗ്യതയുള്ളവർക്കും ഈ കോഴ്സിന് അപേക്ഷിക്കാം.

കണ്ടിലംപാറ കോളനിയിലും പാലക്കയം കോളനിയിലും

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ഗുണഭോക്താക്കളുടെ സഹകരണത്തോടെ പാലക്കയത്ത് നടക്കുന്ന ടാങ്ക് നിർമാണം

ചാലിയാർ ഗ്രാമപഞ്ചായത്തിലെ കണ്ടിലംപാറ, പാലക്കയം എന്നീ ഊരുകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തിയാകുന്നു. പാലക്കയം ഊരിൽ ഗ്രാവിറ്റി ഇറിഗേഷനും കണ്ടിലംപാറ ഊരിൽ ലിഫ്റ്റ് ഇറിഗേഷനുമാണ് നടപ്പിലാക്കുന്നത്. മലപ്പുറം ജില്ലയിലെ ചാലിയാർ, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തുകളിലെ നബാർഡ് ടി.ഡി.എഫ് വാടി പദ്ധതിയുടെ ഭാഗമായാണ് ഇറിഗേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടക്കുന്നത്.

പദ്ധതിയുടെ മുഖ്യ പരിഗണന കാർഷികവൃത്തി വ്യാപിപ്പിച്ച് ഊരുനിവാസികളെ കാർഷികമായി സ്വയംപര്യാപ്തരാക്കുക എന്നതാണ്. എന്നാൽ കൃഷിയ്ക്കാവശ്യമായ വെളളത്തിന് വലിയ ക്ഷാമമാണ് പ്രദേശത്തുള്ളത്. ഈ പശ്ചാത്തലത്തിലാണ് പ്രദേശത്ത് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് ഐ.ആർ.ടി.സി ആലോചിച്ചത്. ജലലഭ്യതയുള്ള സ്ഥലത്ത് വലിയ കിണർ സ്ഥാപിക്കുകയും അതിലെ വെള്ളം ഉയരം കൂടിയ സ്ഥലത്തെ ടാങ്കിലേക്കെത്തിച്ച് അവിടെ നിന്ന് കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം എത്തിക്കുന്ന രീതിയാണ് നടപ്പിലാക്കുന്നത്.

പാലക്കയം ഗ്രാവിറ്റി ഇറിഗേഷൻ

പത്ത് അടി വ്യാസത്തിലുള്ള കിണറാണ് പാലക്കയത്ത് നിർമിച്ചിട്ടുള്ളത്. 10,000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും ഇതിന്റെ ഭാഗമായി നിർമിച്ചിട്ടുണ്ട്. 27 കുടുംബങ്ങൾക്കാണ് പാലക്കയത്ത് മാത്രമായി ഈ പദ്ധതിയുടെ ഗുണം ലഭിക്കുക. പദ്ധതിയുടെ നിർവ്വഹണ ഉദ്ഘാടനം വാർഡ് മെമ്പർ ശ്രീമതി. ബീന നടുവത്താനി നിർവ്വഹിച്ചു.

കണ്ടിലംപാറ ലിഫ്റ്റ് ഇറിഗേഷൻ

കണ്ടിലംപാറയിൽ പദ്ധതിയുടെ ഗുണഭോക്താക്കൾ കൂടിയായ ഊരുനിവാസികളുടെ സഹകരണത്തോടെയാണ് പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ജലനിധിയുടെ പഴയ ടാങ്ക് വൃത്തിയാക്കി ഉപയോഗിക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം 15 മീറ്ററിൽ കൂടുതൽ ഉയരത്തിൽ 12,500 ലിറ്റർ കപ്പാസിറ്റിയുള്ള പുതിയൊരു ടാങ്ക് നിർമിക്കാൻ തീരുമാനിച്ചു. ഇതോടെ കൂടുതൽ കൃഷിസ്ഥലങ്ങളിലേക്ക് വെള്ളമെത്തിക്കാനുള്ള സാഹചര്യമൊരുങ്ങി. 22 കുടുംബങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

ഈ പദ്ധതികൾക്കു പുറമെ നായാടൻപൊയിൽ, കുരീരി എന്നീ ഊരുകളിൽ ലിഫ്റ്റ് ഇറിഗേഷനും നെല്ല്യായി ഊരിൽ ഗ്രാവിറ്റി ഇറിഗേഷനും നടപ്പിലാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ഐ.ആർ.ടി.സി പ്രതിനിധികളായ സാബുമോൻ പി.എസ്, വൈശാഖ് പി.എൻ, പ്രണവ് എസ്. എന്നിവരാണ് ഊരുകളിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

സ്പ്രിംഗ് ഷെഡ് വികസനം; പഠനമാരംഭിച്ചു

തൃശൂർ ജില്ലയിലെ പാണഞ്ചേരി, തെക്കുംകര എന്നീ ഗ്രാമപഞ്ചായത്തുകളിലെ സ്പ്രിംഗ് ഷെഡ് വികസനം ലക്ഷ്യമിട്ടുള്ള പ്രീപ്രൊജക്റ്റ് പ്രൊപ്പോസൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായുള്ള ഫീൽഡ് സന്ദർശനങ്ങൾ ഐ.ആർ. ടി.സി സംഘം പൂർത്തിയാക്കി.

രണ്ട് പഞ്ചായത്തുകളിലെയും നീരുറവകളെ കുറിച്ചുള്ള പഠനമാണ് നടത്തിയത്. പ്രാഥമിക സർവേയുടെയും വാർഡ് അംഗങ്ങളുമായും പ്രദേശവാസികളുമായും നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിലാണ് സാമ്പിൾ സ്ഥലങ്ങൾ തിരഞ്ഞെടുത്തത്. നേരത്തെ കോബോകളക്റ്റ് ടൂളിന്റെയും ജി.പി.എസ് സാങ്കേതികവിദ്യയുടെയും സഹായത്തോടെ അടിസ്ഥാന വിവരങ്ങളും സ്ഥലനിർണയവുമെല്ലാം പൂർത്തിയാക്കിയിരുന്നു.

പാണഞ്ചേരി, തെക്കുംകര ഗ്രാമപഞ്ചായത്തുകളിലെ ഭൂരിഭാഗം പ്രദേശങ്ങളും ജലക്ഷാമ പ്രദേശങ്ങളാണെന്ന് സർവേയിൽ കണ്ടെത്തി. പഠനത്തിന്റെ ഭാഗമായി 17 നീരുറവകളാണ് കണ്ടെത്താനായത്. അതിൽ പ്രവേശക്ഷമതയും പ്രയോജനവും അടിസ്ഥാനമാക്കി 10 നീരുറവകളെ തുടർപഠനത്തിനായി തിരഞ്ഞെടുത്തു.

ശാസ്ത്രീയമായ സ്പ്രിംഗ്ഷെഡ് മാനേജ്മെന്റ് സമീപനത്തിലൂടെ പ്രകൃതിദത്ത നീരുറവകളെ സംരക്ഷിക്കാനാകും. കൂടാതെ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഗ്രാമീണ ജലസുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യാനും ഇത് സഹായിക്കുന്നു. പദ്ധതിയുടെ ഫലമായി പ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും മതിയായ അളവിൽ ഗുണനിലവാരമുള്ള കുടിവെള്ളം ദീർഘകാലാടിസ്ഥാനത്തിൽ ലഭ്യമാക്കാനാകും.

ഡോ. ശ്രീധരൻ കെ. (ജൂനിയർ സയന്റിസ്റ്റ്, നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് ഡിവിഷൻ), ശ്രീ രാജൻ എം. (സെന്റർ ഫോർ ജിയോ ഇൻഫോർമാറ്റിക്സ്) എന്നിവരാണ് പഠനത്തിന്റെ ഭാഗമായി ഫീൽഡ് സന്ദർശനം നയത്തിയത്.

മഴവില്ല്; ക്ലാസുകൾ ആരംഭിച്ചു

ഇന്നവേറ്റീവ് സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) സഹായത്തോടെ ഐ.ആർ. ടി.സിയിൽ നടക്കുന്ന മഴവില്ല് പദ്ധതിയുടെ ഭാഗമായുള്ള ക്ലാസുകൾക്ക് തുടക്കമായി. മുണ്ടൂർ, പുതുപ്പരിയാരം ഗ്രാമപഞ്ചായത്തുകളിലെ മൂന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ പഠിയ്ക്കുന്ന 50 കുട്ടികളെയാണ് പ്രൊജക്റ്റിന്റെ ഭാഗമായി തിരഞ്ഞെടുത്തത്.

ക്ലാസുകളുടെ ഔദ്യോഗിക ഉദ്ഘാടനം മുൻ രാജ്യസഭാംഗവും സംസ്ഥാന ആസൂത്രണസമിതി അംഗവുമായിരുന്ന പ്രൊഫ. സി.പി. നാരായണൻ നിർവഹിച്ചു. ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള അധ്യക്ഷത വഹിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡന്റ് ഒ.എം. ശങ്കരൻ മുഖ്യപ്രഭാഷണം നടത്തി. പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്

മഴവില്ല് ക്ലാസുകൾ മുൻ രാജ്യസഭാംഗം സി.പി. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

പ്രസിഡന്റ് ബിന്ദു പി.ആർ മുഖ്യാതിഥിയായി. രക്ഷിതാക്കളും മഴവില്ല് അനിമേറ്റർമാരും ഐ.ആർ. ടി.സി സ്റ്റാഫുകളും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തിരുന്നു.

വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും വിഷയങ്ങളെ വിമർശനാത്മക രീതിയിൽ സമീപിക്കാനും ചോദ്യം ചെയ്യാനും കുട്ടികളെ പ്രാപ്തമാക്കുന്ന പഠനരീതിയാണ് മഴവില്ല് പദ്ധതി മുന്നോട്ടു വയ്ക്കുന്നത്.

മുണ്ടൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശിവദാസ് ബി.സി., വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ കണ്ണൻ, മെമ്പർമാരായ നാരായണൻകുട്ടി പി., ഉണ്ണിക്കണ്ണൻ പി., പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ കെ., വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ബിന്ദു കെ.എസ്. എന്നിവർ ആശംസകൾ നേർന്നു. കെ-ഡിസ്ക് ജില്ലാ പ്രോഗ്രാം എക്സിക്യൂട്ടീവ് കിരൺദേവ് എം. ചടങ്ങിന് നന്ദി പറഞ്ഞു.

ബയോഫ്ളോക്ക് മത്സ്യക്കൃഷി പരിശീലനം

നൂതന മത്സ്യക്കൃഷി രീതിയായ ബയോഫ്ലോക്ക് പരിശീലനം സംഘടിപ്പിച്ചു. ഐ.ആർ. ടി.സി ഫിഷറീസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന രണ്ട് ദിവസത്തെ പരിശീലനം മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പ്രിയാ മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഐ.ആർ.ടി.സി ട്രെയിനിംഗ് ഡിവിഷൻ മേധാവി പ്രൊഫ. ബി.എം. മുസ്തഫ അധ്യക്ഷനായി.

നാല് മീറ്റർ വ്യാസമുള്ള ടാങ്കിൽ 1200 മീൻകുഞ്ഞുങ്ങളെ വരെ നിക്ഷേപിക്കാവുന്ന മത്സ്യക്കൃഷിരീതിയാണ് ബയോഫ്ലോക്ക്. ഇതിന് പുറമെ RAS-MBBR (Recirculatory Aquaculture System- Moving Bed Bio Reactor), അക്വാപോണിക്സ് എന്നിവയും ഈ പരിശീലനത്തിന്റെ ഭാഗമാണ്. RAS സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു സെന്റ് സ്ഥലത്ത് 4000 മത്സ്യക്കുഞ്ഞുങ്ങളെ വരെ നിക്ഷേപിക്കാൻ സാധിക്കും. രണ്ട് കൃഷിരീതികളുടെയും വിളവെടുപ്പ് കാലാവധി ആറ് മുതൽ എട്ട് മാസം വരെയാണ്.

മത്സ്യക്കൃഷിരീതികളുടെ ശാസ്ത്രീയ വിവരങ്ങൾ നൽകുന്നതിനു പുറമെ, ഇതിനു വേണ്ട ടാങ്കുകളുടെ നിർമാണ രീതിയെക്കുറിച്ചുള്ള വിവരങ്ങളും പ്രായോഗിക പ്രവർത്തനങ്ങളുമെല്ലാം പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിൽ മത്സ്യക്കൃഷി ചെയ്തുവരുന്നവർക്ക് പുറമെ ഈ രംഗത്തേക്ക് പുതുതായി കടന്നുവരുന്നവർക്കും പിന്തുണ നൽകുന്ന തരത്തിലാണ് പരിശീലന പരിപാടി ചിട്ടപ്പെടുത്തിയിട്ടുള്ളത്. ചില പ്രത്യേകയിനം മത്സ്യങ്ങൾക്ക് ഭക്ഷണമായി നൽകുന്ന ഇലവർഗങ്ങളെ പരിചയപ്പെടുത്തുന്നതിനുള്ള തോട്ടവും ട്രെയിനിങ് യൂണിറ്റിൽ സജ്ജമാക്കിയിട്ടുണ്ട്.

അക്വാകൾച്ചർ സ്പെഷ്യലിസ്റ്റ് സ്വാതി എസ്., ടെക്നിക്കൽ എക്സ്പേർട്ട് ശ്രീരാജ് പി., സജിൽ പി. എന്നിവരുടെ നേതൃത്വത്തിലാണ് പ്രായോഗിക പരിശീലനം നടക്കുന്നത്. (അടുത്ത ട്രെയിനിംഗ് ബാച്ചിലേക്ക് മുൻകൂറായി രജിസ്റ്റർ ചെയ്യാനായി ബന്ധപ്പെടുക: 9188183296, 8606888304).

ബയോഫ്ലോക്ക് നിർമാണത്തെ കുറിച്ച് എഞ്ചിനീയർ ശ്രീരാജ് പി. വിശദീകരിക്കുന്നു



പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ പ്രൊഫ. ബി.എം. മുസ്തഫ വിതരണം ചെയ്യുന്നു

10–ാം ബാച്ച് പരിശീലനവും പൂർത്തിയായി

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിലെ ഉദ്യോഗസ്ഥർക്ക് ജിയോഇൻഫർമാറ്റിക്സ് പരിശീലനം

ഐ.ആർ.ടി.സിയിലെ സെന്റർ ഫോർ ജിയോഇൻഫർമാറ്റിക്സും കിലയും സംയുക്തമായി സംഘടിപ്പിച്ചു വരുന്ന "പ്രാദേശികാസൂത്രണത്തിൽ ജിയോസ്പേഷ്യൽ സാങ്കേതികവിദ്യ" (Application of Geospatial Tool in Local Level Planning) എന്ന വിഷയത്തിൽ നടത്തുന്ന അഞ്ച് ദിവസത്തെ പരിശീലന പരിപാടി വിജയകരമായി മുന്നേറുന്നു. പരിശീലന പരമ്പരയിലെ 10-ാമത്തെ ബാച്ച് 2022 ജനുവരി 21 ന് സമാപിച്ചു. നാല് ബാച്ചുകളാണ് ഡിസംബർ-ജനുവരി മാസങ്ങളിൽ പൂർത്തീകരിച്ചത്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥരും കിലയുടെ RGSA കോർഡിനേറ്റർമാരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്. പ്രാദേശികാസൂത്രണ പ്രക്രിയയിൽ നിർണായക പങ്കുള്ള വിഭാഗമായ ഉദ്യോഗസ്ഥർക്ക് അത്യാധുനിക സാങ്കേതികവിദ്യയായ ജിയോസ്പേഷ്യൽ ടൂളിന്റെ സഹായത്തോടെ വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഐ.ആർ.ടി.സിയുടെ സമീപത്തുള്ള മുണ്ടൂർ, പുതുപ്പരിയാരം, കോങ്ങാട്, കരിമ്പ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾ വിവിധ പരിശീലന ബാച്ചുകളുടെ ഉദ്ഘാടന ചടങ്ങുകൾക്കെത്തി. ഏഴാമത്തെ പരിശീലന ബാച്ചിന്റെ ഉദ്ഘാടനം മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജോയ് വി. നിർവഹിച്ചു. എട്ടാം ബാച്ച് കോങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അജിത്തും, ഒൻപതാം ബാച്ച് പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ഉണ്ണികൃഷ്ണനും ഉദ്ഘാടനം ചെയ്തു. കരിമ്പ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ്. രാമചന്ദ്രനാണ് പത്താമത് ബാച്ച് ഉദ്ഘാടനം ചെയ്തത്.

ഓരോ ബാച്ചിന്റെയും സമാപനത്തിൽ വിലയിരുത്തൽ സെഷനുകൾ സംഘടിപ്പിച്ചിരുന്നു. ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ളയുടെ നേതൃത്വത്തിലുള്ള പാനൽ പരിശീലനത്തിൽ പങ്കാളികളായവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും നേരിട്ടറിഞ്ഞു. ജിയോസ്പേഷ്യൽ സാങ്കേതികവിദ്യ പ്രാദേശികതലത്തിലേക്ക് എത്തിക്കേണ്ടതിന്റെ പ്രാധാന്യവും അതിനോടനുബന്ധിച്ചുള്ള നിർദേശങ്ങളും ഉയർന്നുവന്നു. ഐ.ആർ.ടി.സി-പി.പി.സി എക്സിക്യൂട്ടീവ് ഡയറക്ടർ ലില്ലി കർത്ത, ഐ.ആർ.ടി.സി-പി.ഐ.യു സെക്രട്ടറി എ.എം. ബാലകൃഷ്ണൻ എന്നിവരും സമാപന യോഗങ്ങളിൽ പങ്കാളികളായി. പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകളും സമാപനയോഗങ്ങളിൽ വിതരണം ചെയ്തു.

പരിശീലന കോഴ്സിന്റെ പ്രധാന ശ്രദ്ധാകേന്ദ്രങ്ങൾ വിദൂര സംവേദനം, ജി.ഐ.എസ്, ജി.പി.എസ് എന്നിവയാണ്. ഹാൻഡ്സ്-ഓൺ പരിശീലനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ, ക്യൂ. ജി.ഐ.എസ്, ഓപ്പൺ സ്ട്രീറ്റ് മാപ്പ് (ഒ.എസ്.എം) ഡാറ്റ, കോബോ കളക്റ്റ് സർവേ, ജി.പി.എസ്/ മൊബൈൽ ജിപിഎസ് ഉപയോഗിച്ചുള്ള ഫീൽഡ് സർവേ, പ്രായോഗിക സെഷനുകൾ എന്നിവ പരിശീലന കോഴ്സിൽ ഉൾപ്പെടുന്നു.

ഭൗമശാസ്ത്രജ്ഞനായ ഡോ. എസ്. ശ്രീകുമാർ, സെന്റർ ഫോർ ജിയോഇൻഫർമാറ്റിക്സ് മേധാവി ആനന്ദ് സെബാസ്റ്റ്യൻ, രാജൻ എം., വിവേക് അശോകൻ, ഹരിത എസ്, മാളവിക എ.എസ്., രാകേന്ദു കെ.ജെ., അതുല്യ ജെ. തുടങ്ങിയവരാണ് പരിശീലന സെഷനുകൾ കൈകാര്യം ചെയ്യുന്നത്.

എട്ടാം ബാച്ചിന്റെ ഉദ്ഘാടനം കോങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അജിത്ത് നിർവഹിക്കുന്നു

യുണിസെഫ് – ഐ.ആർ.ടി.സി സംസ്ഥാനതല ശില്പശാല

യുണിസെഫിന്റെ പങ്കാളിത്തത്തോടെ ഐ.ആർ.ടി.സി സാമൂഹികശാസ്ത്ര വിഭാഗം നടപ്പിലാക്കുന്ന വിദ്യാഭ്യാസ ഗവേഷണ പരിപാടിയുടെ ഭാഗമായുള്ള സംസ്ഥാനതല ശില്പശാലയ്ക്ക് തുടക്കമായി. സെക്കണ്ടറി വിദ്യാഭ്യാസ രംഗത്തെ ജില്ലാ പഞ്ചായത്തുകളുടെ ഇടപെടലുകൾ സംബന്ധിച്ച് പഠിക്കുകയും, പ്രസ്തുത മേഖലയിലെ കാതലായ മാറ്റത്തിനുതകുന്ന നയപരമായ ഇടപെടൽ സാധ്യതകൾ നിർദേശിക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ പ്രാഥമിക ഫീൽഡ് തല അന്വേഷണങ്ങളും ബഡ്ജറ്റ് വിശകലനവും നേരത്തേ പൂർത്തിയായിരുന്നു. ഫീൽഡ് തല പ്രവർത്തനങ്ങളിലൂടെ സമാഹരിച്ച വിവരങ്ങൾ വിശകലനം ചെയ്യാനും, കണ്ടെത്തലുകളും വിവരങ്ങളും നിജപ്പെടുത്തി, കൂട്ടായ ചർച്ചയിൽ ഉരുത്തിരിയുന്ന നയപരമായ നിർദേശങ്ങൾ ഉപയോഗപ്പെടുത്താനും വേണ്ടിയാണ് ശില്പശാല സംഘടിപ്പിച്ചത്. ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള ശില്പശാല ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസരംഗത്ത് വേറിട്ട രീതിയിൽ ഇടപെടലുകൾ നടത്തിയ അധ്യാപകരും സന്നദ്ധ പ്രവർത്തകരും വിദ്യാഭ്യാസ ഗവേഷകരും ഉദ്യോഗസ്ഥരുമാണ് ശില്പശാലയിൽ പങ്കെടുത്തത്. സാമൂഹികശാസ്ത്ര വിഭാഗത്തിലെ ഡോ. കെ.ആർ. രാമനാഥൻ, അരവിന്ദ് പി, അനഘ ഇ, അഖിൽ ബെന്നി, ശ്രീശിവ എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

കാസർഗോഡ് ജില്ലയിലെ കാർഷിക കോളേജ് വിദ്യാർത്ഥികളുടെ പ്രവൃത്തിപരിചയ ക്യാമ്പ് ഐ.ആർ.ടി.സിയിൽ

കാസർകോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക സർവകലാശാലയിലെ 15 ബി.എസ്.സി അഗ്രികൾച്ചർ വിദ്യാർത്ഥികളാണ് ഗ്രാമീണ കാർഷിക പ്രവൃത്തിപരിചയ പരിപാടിയുടെ (RAWE) ഭാഗമായി ഐ.ആർ.ടി.സിയിലെത്തിയത്. 2021 ഡിസംബർ 13 ന് ആരംഭിച്ച ക്യാമ്പ് 16 ന് സമാപിച്ചു.

കാർഷിക വിദ്യാർത്ഥികൾ ഗ്രാമീണ-കാർഷിക സാഹചര്യങ്ങൾ മനസ്സിലാക്കുക, കാർഷികരംഗത്ത് പരിഷ്കരണത്തിനുതകുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള അറിവ് വികസിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടാണ് RAWE പ്രോഗ്രാം സംഘടിപ്പിച്ച് വരുന്നത്. നാല് ദിവസത്തെ പരിപാടിയുടെ ഭാഗമായി, ഐ.ആർ.ടി.സി ഇടപെട്ടു വരുന്ന മാലിന്യപരിപാലനം, പ്രകൃതിവിഭവ പരിപാലനം, ജീവനോപാധി വികസനം തുടങ്ങിയ വിഷയമേഖലകൾ വിദ്യാർത്ഥികൾ പരിചയപ്പെട്ടു. ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള, ട്രെയിനിംഗ് ഡിവിഷൻ മേധാവി പ്രൊഫ. ബി.എം. മുസ്തഫ എന്നിവരുമായും ഐ.ആർ.ടി.സിയിലെ മറ്റ് ഫാക്കൽറ്റികളുമായും വിദ്യാർത്ഥികൾ സംവദിച്ചു. ഡോ. ലിജിഷ എ.ടി. ക്യാമ്പ് കോർഡിനേറ്റ് ചെയ്തു.

ബാർട്ടൺഹിൽ ഗവ: എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ ഐ.ആർ.ടി.സിയിൽ

തിരുവനന്തപുരം ബാർട്ടൺഹിൽ ഗവ: എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ പത്തു ദിവസത്തെ സോഷ്യൽ റെസ്പോൺസിബിലിറ്റി ക്യാമ്പ് പൂർത്തിയായി. ഐ.ആർ.ടി.സിയിലെ ശാസ്ത്രസാങ്കേതിക ഗവേഷണപ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും പരിചയപ്പെട്ട എഞ്ചിനീയർമാർ കമ്പോസ്റ്റ് യൂണിറ്റിന്റെ ഒരു പ്രവർത്തന മോഡലും നിർമിച്ചു. 2021 ഡിസംബർ 13 മുതൽ 23 വരെയാണ് ക്യാമ്പ് നടന്നത്.

ട്രെയിനിംഗ് ഡിവിഷൻ മേധാവി പ്രൊഫ. ബി.എം. മുസ്തഫ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം. രാമചന്ദ്രൻ, എഞ്ചിനീയർ ശ്രീരാജ് പി, ഡോ. സി.എച്ച്. ഹനീഷ് മുഹമ്മദ്, എന്നിവർ സെഷനുകൾ നയിച്ചു.

മാലിന്യപരിപാലനത്തിൽ
പ്രായോഗിക പരിശീലനം

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനാംഗങ്ങൾക്ക് മാലിന്യപരിപാലനത്തിൽ പ്രായോഗിക പരിശീലനം നൽകി. മണ്ണിരക്കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് തുടങ്ങിയ കമ്പോസ്റ്റിംഗ് രീതികളും ബയോബിന്നിന്റെ ഉപയോഗക്രമവും പരിശീലനത്തിന്റെ ഭാഗമായി പരിചയപ്പെടുത്തി. ചിക്കു മരിൻ ജോൺ, ഷീജ പി.വി. തുടങ്ങിയവർ പ്രായോഗിക പരിശീലനത്തിന് നേതൃത്വം നൽകി.

ഐ.ആർ.ടി.സിയിൽ പരിഷത്ത് കലാജാഥാ റിഹേഴ്സൽ ക്യാമ്പ്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ വർഷത്തെ ശാസ്ത്രകലാജാഥയുടെ റിഹേഴ്സൽ ക്യാമ്പ് സമാപിച്ചു. ശാസ്ത്രബോധം സാമാന്യബോധമാക്കി മാറ്റുകയെന്ന മുദ്രാവാക്യമുയർത്തിയും, ശാസ്ത്രത്തിന്റെ പ്രയോഗം സമൂഹത്തിലെ ഏറ്റവും താഴെതട്ടിലെ ജനതയ്ക്കും ഗുണപരമായി മാറണമെന്ന ലക്ഷ്യത്തോടെയുമാണ് പരിഷത്ത് കലാജാഥകൾ സംഘടിപ്പിക്കുന്നത്.

10 ദിവസത്തെ കലാജാഥാ റിഹേഴ്സലാണ് ഐ.ആർ. ടി.സിയിൽ നടന്നത്. ഇരുപതോളം കലാകാരന്മാരും കലാകാരികളും അണിനിരന്ന ക്യാമ്പ് ഏറെ ആവേശത്തോടെയാണ് അവസാനിച്ചത്.

ക്യാമ്പിന്റെ അവസാദിനമായ 2022 ജനുവരി 16 ന് ഐ.ആർ. ടി.സി കുടുംബാംഗങ്ങൾക്കും പരിഷത്ത് പ്രവർത്തകർക്കും മുമ്പിൽ കലാജാഥാ അവതരണം സംഘടിപ്പിച്ചു.

പരിഷത്ത് സംസ്ഥാന പ്രസിഡന്റും ഐ.ആർ.ടി.സി ചെയർമാനുമായ ഒ.എം. ശങ്കരൻ, ജനറൽ സെക്രട്ടറി പി. ഗോപകുമാർ, ഐ.ആർ.ടി.സി ഡയറക്ടർ ഡോ. ജെ. സുന്ദരേശൻ പിള്ള എന്നിവരുടെ സാന്നിധ്യത്തിലാണ് അവതരണം നടന്നത്. പരിഷത്ത് കലാ-സംസ്കാരം വിഷയസമിതി ചെയർമാൻ വി.വി. ശ്രീനിവാസന്റെയും കൺവീനർ വിനോദ് കുമാറിന്റെയും മേൽനോട്ടത്തിലാണ് ക്യാമ്പ് പ്രവർത്തനങ്ങൾ പുരോഗമിച്ചത്.

ബയോടെക്നോളജി വിദ്യാർത്ഥികൾക്ക്
ഏകദിന പരിശീലനം

പാലക്കാട് മേഴ്സി കോളേജിലെ ബയോടെക്നോളജി വിദ്യാർത്ഥികൾക്ക് ഏകദിന പരിശീലനം സംഘടിപ്പിച്ചു. മാലിന്യപരിപാലന രംഗത്തും ജീവനോപാധി രംഗത്തും ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ ഐ.ആർ.ടി.സി വികസിപ്പിച്ച വിവിധ മാതൃകകൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു. 30 വിദ്യാർത്ഥികളും രണ്ട് അധ്യാപകരുമാണ് കാമ്പസിലെത്തിയത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.ആർ. ടി.സിയുടെ സഹായത്തോടെ നടന്നുവരുന്ന മാലിന്യപരിപാലന പ്രവർത്തനങ്ങൾ, മാലിന്യങ്ങളുടെ സ്വഭാവമനുസരിച്ചുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ, ഉറവിട മാലിന്യസംസ്കരണത്തിന്റെ നൂതന മാർഗ്ഗങ്ങൾ തുടങ്ങിയവയെല്ലാം വിദ്യാർത്ഥികൾ പരിചയപ്പെട്ടു. ഐ.ആർ.ടി.സി കെമിസ്റ്റ് ചിക്കു മരിൻ ജോൺ സെഷൻ നയിച്ചു. ട്രെയിനിംഗ് മേധാവി പ്രൊഫ. ബി.എം. മുസ്തഫ പരിശീലനത്തിന് നേതൃത്വം നൽകി.

സമഗ്രവികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പുതുനഗരം ഗ്രാമപഞ്ചായത്ത് അധികൃതർ ഐ.ആർ.ടി.സി വിദഗ്ധരുമായി ചർച്ച നടത്തുന്നു



ഐ.ആർ.ടി.സി കാമ്പസ് സന്ദർശിച്ച ഗുരുവായൂരിലെ ഹരിതകർമസേനാംഗങ്ങൾ കൂൺപാദനകേന്ദ്രം പരിചയപ്പെടുന്നു

ഐ.ആർ.ടി.സി കാമ്പസിൽ മാതൃകാ കിഴങ്ങ് വിളത്തോട്ടവും ഫലവൃക്ഷത്തോട്ടവും

കേരളത്തിലെ ഭക്ഷ്യസുരക്ഷയ്ക്ക് പുതിയ മാതൃകകൾ സൃഷ്ടിക്കുന്നതിനായി സമത- ഐ.ആർ.ടി.സി ക്യാമ്പസിൽ മാതൃകാ കിഴങ്ങ് വിളത്തോട്ടവും ഫലവൃക്ഷത്തോട്ടവും ഒരുക്കിയിരിക്കുന്നു. വിവിധയിനം കിഴങ്ങുവിളകളെയും കിഴങ്ങുവർഗത്തിൽപ്പെട്ട ഔഷധസസ്യങ്ങളെയും കുറിച്ച് അറിയാനും, കുറഞ്ഞ സ്ഥലത്ത് എപ്രകാരം ഒരു കിഴങ്ങുവിളതോട്ടം നിർമിക്കാമെന്ന മനസ്സിലാക്കാനും കഴിയുന്ന തരത്തിലാണ് ട്യൂബർ പാർക്ക് ഒരുക്കിയിട്ടുള്ളത്. എയർ പൊട്ടറ്റോ എന്നറിയപ്പെടുന്ന അടതാപ്പ്, വിവിധയിനം കാച്ചിൽ, ചേമ്പ്, മരച്ചീനി, ചേന, ഇഞ്ചി, മഞ്ഞൾ, കസ്തൂരി മഞ്ഞൾ, തുടങ്ങിയവ ഐ.ആർ. ടി.സി കാമ്പസിലുള്ള ഈ ട്യൂബർ പാർക്കിലുണ്ട്. നൂറിലേറെ നാടൻ കിഴങ്ങുവർഗങ്ങളെ സംരക്ഷിക്കുന്ന പ്രവർത്തനത്തോടൊപ്പം കിഴങ്ങുവർഗങ്ങളുടെ വിത്തുകളും നടീൽ വസ്തുക്കളും ഇവിടെ ലഭ്യമാണ്.

64 ഇനം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ഐ.ആർ.ടി.സിയിൽ ഫലവൃക്ഷത്തോട്ടവും ഒരുക്കിയിട്ടുണ്ട്. റംബൂട്ടാൻ, സപ്പോട്ട, ലോംഗൻ, ബ്രസീലിയൻ മൾബറി, പപ്പായ, പീനട്ട് ബട്ടർ, മിറാക്കിൾ ഫ്രൂട്ട്, മംഗോസ്റ്റിൻ തുടങ്ങിയ തൈകളെല്ലാം മൂന്ന വർഷമാകുമ്പോൾ തന്നെ കായ്ച്ചു തുടങ്ങുന്നവയാണ്. ഇവ കൂടാതെ വിവിധയിനം പ്ലാവ്, മാവ് തുടങ്ങിയവയുടെ തൈകളും ഐ.ആർ.ടി.സി സമതാ വില്ലേജിൽ ലഭ്യമാണ്. 10 സെന്റ് സ്ഥലത്ത് ഹൈഡെൻസിറ്റി മാതൃകയിൽ 64 തൈകൾ നട്ടുപിടിപ്പിച്ചാണ് ഫലവൃക്ഷത്തോട്ടം നിർമിച്ചിട്ടുള്ളത്. ഹൈഡെൻസിറ്റി മാതൃകയിൽ ഫലവൃക്ഷത്തോട്ടം നിർമിക്കുന്നതിനുള്ള ഉത്തമ മാതൃകയാണ് ഐ.ആർ.ടി.സി ക്യാമ്പസിലെ ഫലവൃക്ഷത്തോട്ടം. കുറഞ്ഞത് അഞ്ചുസെന്റ് സ്ഥലത്തോ, വീടിനു ചുറ്റുമുള്ള സ്ഥലത്തോ, ടെറസിലോ ഫലവൃക്ഷത്തോട്ടം നിർമിക്കുന്നതിനും ജലസേചന സൗകര്യമൊരുക്കുന്നതിനും ആവശ്യമായ എല്ലാ വിധ സാങ്കേതിക സഹായവും ഐ.ആർ.ടി.സിയുടെ ഭാഗമായ സമതവില്ലേജിൽ നിന്നും ലഭ്യമാണ്. കിഴങ്ങ് വിളത്തോട്ടമോ ഫലവൃക്ഷത്തോട്ടമോ നിർമിക്കാൻ ആഗ്രഹിക്കുന്നവർക്ക് സമതവില്ലേജുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9188043622.

വ്യത്യസ്താനുഭവമായി സമത ഭക്ഷ്യ-സസ്യമേള

ക്രിസ്തുമസ്- പുതുവർഷ- ശീതകാല വില്പനയുടെ ഭാഗമായി ഐ.ആർ. ടി.സി-സമത സംഘടിപ്പിക്കുന്ന 'സമത ഫുഡ് ആന്റ് ഫ്ലോറ ഫെസ്റ്റിന്'' തുടക്കമായി. 2021 ഡിസംബർ 24 ന് ആരംഭിച്ച ഭക്ഷ്യ-സസ്യ മേള 2022 ജനവരി 26 റിപ്പബ്ലിക്ക് ദിനത്തിൽ സമാപിച്ചു. കോഴിക്കോട്- പാലക്കാട് ദേശീയപാതയ്ക്ക് സമീപം മുണ്ടൂരിൽ സ്ഥിതി ചെയ്യുന്ന സമത വില്ലേജിലാണ് ഫെസ്റ്റ് നടക്കുന്നത്.

മലമ്പുഴ എം.എൽ.എ പ്രഭാകരൻ എ. മേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

ഫെസ്റ്റിന്റെ ഉദ്ഘാടനം ഡിസംബർ 24 ന് മലമ്പുഴ എം.എൽ.എ. പ്രഭാകരൻ എ. നിർവഹിച്ചു. ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള അധ്യക്ഷത വഹിച്ചു. ജനപ്രതിനിധികളും ഐ.ആർ.ടി.സി കുടുംബാംഗങ്ങളും പൊതുജനങ്ങളും ഉദ്ഘാടന ചടങ്ങിൽ പങ്കാളികളായി. ഇൻഡോർ- ഔട്ട് ഡോർ അലങ്കാരച്ചെടികൾ, പച്ചക്കറി വിത്തുകൾ, തൈകൾ, അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ, ഫലവൃക്ഷത്തൈകൾ എന്നിവയെല്ലാം ഫെസ്റ്റിന്റെ ഭാഗമായി വിൽപ്പനയ്ക്ക് ഒരുക്കിയിരിക്കുന്നു. വൈകീട്ട് 4 മണി മുതൽ വൈവിധ്യമുള്ള ഭക്ഷണ വിഭവങ്ങളും സാംസ്കാരിക പരിപാടികളും സന്ദർശകർക്കായി ഒരുക്കിയിട്ടുണ്ട്. പാലക്കാട് മെഹ്ഫിൽ ഗാനസംഘത്തിന്റെ ഗാനസന്ധ്യയും സി.ആർ. രതീഷിന്റെ നേതൃത്വത്തിലുള്ള നാടൻപാട്ട് ഉത്സവം തുടങ്ങിയ സാംസ്കാരിക പരിപാടികളും ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് ഫെസ്റ്റ് നടന്നുവരുന്നത്.

Published by Integrated Rural Technology Centre
Mundur, Palakkad | Ph: 0491-2862324, 2862663 | E-mail ID: mail@irtc.org.in
Editor: P. Muraleedharan | Content, design & layout: Prajeesh A.

ഹരിതകർമസേനാംഗങ്ങൾക്ക് മഴവെള്ള ഫിൽറ്റർ യൂണിറ്റ് നിർമാണത്തിൽ പരിശീലനം

ഹരിതകർമസേനാംഗങ്ങൾ മഴവെള്ള ഫിൽറ്റർ നിർമാണ പരിശീലനത്തിൽ

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, ദേവികുളം എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമസേനാംഗങ്ങൾക്ക് മഴവെള്ള ഫിൽറ്റർ യൂണിറ്റ് നിർമാണത്തിൽ പരിശീലനം നൽകി.

UNDPയുമായി സഹകരിച്ച് ഐ.ആർ.ടി.സി നടപ്പിലാക്കുന്ന സമഗ്ര മാലിന്യപരിപാലന പദ്ധതിയിലുൾപ്പെടുത്തിയാണ് ജീവനോപാധി പരിശീലനം നൽകിയത്. തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ലയിലെ മാങ്കുളം, മൂന്നാർ, ചിന്നക്കനാൽ, ദേവികുളം എന്നീ ഗ്രാമപഞ്ചായത്തുകളിലുമാണ് ഐ.ആർ. ടി.സി പദ്ധതി നടത്തുന്നത്. തണുപ്പ് കൂടിയ പ്രദേശങ്ങളായതിനാൽ ഇവിടങ്ങളിലെ മാലിന്യപരിപാലന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി നേരിടുന്നുണ്ട്.

മഴവെള്ളത്തെയും മലയോര മേഖലയിലെ സ്വാഭാവിക നീരൊഴുക്കിനെയും ആശ്രയിക്കുന്ന ദേവികുളത്തെയും ചിന്നക്കനാലിലെയും ജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടാണ് പരിശീലനം സംഘടിപ്പിച്ചത്. നീർച്ചാലിൽ നിന്നും വരുന്ന വെള്ളത്തെ ചാർക്കോളും മണലും നിറച്ച ഫിൽറ്റർ യൂണിറ്റ് വഴി ശുദ്ധീകരിച്ച് ഉപയോഗിക്കാനാകും. പരിശീലനത്തിൽ 23 ഹരിതകർമസേനാംഗങ്ങൾ പങ്കെടുത്തു. പ്രൊജക്ട് കോർഡിനേറ്റർ ലിയോനാർഡ്, ഐ.ആർ.ടി.സി മാലിന്യപരിപാലന വിഭാഗം മേധാവി ഡോ. പി.എൻ. ദാമോദരൻ, ട്രെയിനിങ്ങ് വിഭാഗം മേധാവി പ്രൊഫ. ബി.എം.മുസ്തഫ, ഫീൽഡ് കോർഡിനേറ്റർ ജോൺ കെ. ജോസഫ് എന്നിവർ സംസാരിച്ചു.

എഞ്ചിനീയർമാരായ ആർ. രംഗസ്വാമി, പി. ശ്രീരാജ് എന്നിവരുടെ നേതൃത്വത്തിലാണ് പരിശീലനം നടന്നത്.

അതിരപ്പള്ളിയിൽ സജീവമായി മാലിന്യപരിപാലന പ്രവർത്തനങ്ങൾ

യു.എൻ.ഡി.പിയുമായി ചേർന്ന് ഐ.ആർ.ടി.സി നടത്തിവരുന്ന സമഗ്ര മാലിന്യപരിപാലന പദ്ധതിയുടെ പ്രവർത്തനം തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പുരോഗമിക്കുന്നു. പദ്ധതി പ്രദേശത്തെ 1429 വീടുകളിൽ 1261 വീടുളിൽ നിന്നും ഹരിതകർമസേനയുടെ നേതൃത്വത്തിൽ ഇതിനോടകം അജൈവമാലിന്യം ശേഖരിച്ചുവരുന്നുണ്ട്. ഇവയിൽ 716 (50%) വീടുകളിൽ നിന്നും യൂസർഫീ ലഭിക്കുന്നു. 30 ശതമാനം സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ലഭിക്കുന്നുണ്ട്.

ഹരിതകർമസേനാംഗങ്ങൾ മാലിന്യശേഖരണത്തിൽ

ഉറവിട മാലിന്യസംസ്കരണത്തിനായി അതിരപ്പിള്ളി പഞ്ചായത്തിൽ 755 വീടുകളിൽ കിച്ചൻ ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഒരു വാർഡിൽ മാത്രമാണ് Mini MCF ഉള്ളത്. മറ്റ് വാർഡുകളിലും MCFകൾ സ്ഥാപിക്കാനാവശ്യമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഉപയോഗശൂന്യമായ റിജക്ടഡ് വേസ്റ്റ് 'ക്ലീൻ കേരള' കമ്പനിക്ക് മൂന്ന് തവണയായി കയറ്റി അയയ്ക്കാൻ സാധിച്ചു.

ഫോറസ്റ്റ് ട്രെയിനീസ് കാമ്പസ് സന്ദർശിച്ചു

വാളയാറിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള വനപാലകസംഘം ഐ.ആർ. ടി.സി സന്ദർശിച്ചു. ഐ.ആർ. ടി.സിയുടെ നേതൃത്വത്തിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും മനസ്സിലാക്കാനാണ് ട്രെയിനിംഗ് ഘട്ടത്തിലുള്ള 32 ഫോറസ്റ്റ് ഉദ്യോഗസ്ഥർ കാമ്പസിലെത്തിയത്. ചിക്കു മരിൻ ജോൺ ഐ.ആർ.ടി.സി പ്രവർത്തനങ്ങൾ പരിചയപ്പെടുത്തിക്കൊടുത്തു.

വാളയാർ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നെത്തിയ ഉദ്യോഗസ്ഥർ ഐ.ആർ.ടി.സി ഫിഷറീസ് യൂണിറ്റ് സന്ദർശിക്കുന്നു

QUORUM SENSING

Kavya Krishna
Environment Laboratory Division

Quorum sensing is a system of stimulus and response correlated to population density. QS is a process of bacterial cell to cell communication involving the production and detection of extra cellular signaling molecule (AUTOINDUCERS). Quorum sensing is a system of stimulus and response correlated to population density. It Contribute to the regulation of the expression of particular genes. Fuqua et al in 1994 coined the term Quorum sensing to explain cell to cell signaling in bacteria.

It allows both Gram negative and Gram-positive bacteria to sense one another and to regulate a wide variety of physiological activities such as symbiosis, virulence, competence, conjugation, antibiotic production, motility, sporulation, biofilm formation. It occurs within single bacterial species as well as between diverse species.



Quorum Sensing

MECHANISM

In this process, first bacteria produce signal molecules and release the signal molecules to their surrounding environment. then other bacteria recognize these signal molecules and accept these autoinducers and it regulates the gene expression. This mechanism present in both gram positive and gram-negative bacteria.

Gram-positive bacteria

Gram-positive bacteria use autoinducing peptides (AIP) as their autoinducers.

When gram-positive bacteria detect high concentration of AIPs in their environment, that happens by way of AIPs binding to a receptor to activate a kinase. The kinase phosphorylates a transcription factor, which regulates gene transcription. This is called a two-component system.

Another possible mechanism is that AIP is transported into the cytosol, and binds directly to a transcription factor to initiate or inhibit transcription.

QUORUM QUENCHING

Quorum quenching is the process of preventing quorum sensing by disrupting the signalling. This may be achieved by degrading the signalling molecule. Thus, the mechanism that have evolved to interfere with the bacterial cell cell communication in process termed quorum quenching.



Gram-positive bacteria



Quorum Quenching